4. രജിസ്ട്രാറുടെ അംഗീകാരമുള്ള ഏതെങ്കിലും ബാങ്കുകൾ.

5. മറ്റേതെങ്കിലും നിർദ്ദിഷ്ട രീതികളിൽ.

(സി) ഉണ്ട്.

(ഡി) നിയമനത്തിന് വിരുദ്ധമായി നടത്തിയ നിക്ഷേപം പിൻവലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 17 കോടി രൂപ

(ജി) ജില്ലാ സഹകരണ ബാങ്കിൽ നിന്നും മറ്റ് സംസ്ഥാനതല സഹകരണ സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ റബ്കോയ്ക്ക് രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്.

(എച്ച്) ഇല്ല.

(ഐ) നിയമാനുസൃതം അനധികൃത നിക്ഷേപം നടത്താൻ പാടുള്ളതല്ല. ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

ദിവസക്കൂലിക്കാരുടെ നിയമനം

133(1036) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കൺസ്യൂമർ ഫെഡറേഷന്റെ കീഴിലുള്ള ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയിലും അവരുടെ യൂണിറ്റുകളിലുമായി എത്ര ദിവസക്കൂലിക്കാരെ നിയമിച്ചു ;

(ബി) ഇവരെ നിയമിച്ചത് ഏതെല്ലാം തസ്തികകളിലാണ് ;

(സി) ഇവർ ഇപ്പോൾ ജോലി ചെയ്യുന്നത് ഏതെല്ലാം തസ്തികകളിലാണ് ;

(ഡി) ഇവരെ റെഗുലറൈസ് ചെയ്തിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ റെഗുലറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) പി.എസ്.സി. യുടെ ലിസ്റ്റ് നിലവിലിരിക്കെ ഇവരെ സ്ഥിരപ്പെടുത്തുന്നപക്ഷം പി.എസ്.സി. ലിസ്റ്റിലുള്ളവർക്ക് എപ്രകാരമാണ് നിയമനം കിട്ടുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 88 പേരെ ദിവസകൂലിക്ക് നിയമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഇവരിൽ 58 പേരെ വില്പന വിഭാഗത്തിലും 19 പേരെ ക്ലറിക്കൽ വർക്കിനും 5 പേരെ ഡ്രൈവർമാരായും 6 പേരെ കംപ്യൂട്ടർ ഓപ്പറേറ്റർമാരുമായാണ് നിയമിച്ചിട്ടുള്ളത്. ഇതേ തസ്തികകളിൽ ഇവർ ഇപ്പോൾ ജോലി ചെയ്യുന്നു.

(ഡി) ഇല്ല.

(ഇ) ഇക്കാര്യത്തിൽ കൺസ്യൂമർ ഫെഡറേഷനിൽ നിന്നും നിർദ്ദേശം ഒന്നും ലഭിച്ചിട്ടില്ല.

(എഫ്) ഈ തസ്തികകൾക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലില്ല.

കേരള സഹകരണ സംഘം നിയമം

134(1037) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സഹകരണ സംഘം നിയമം സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങൾക്കും ബാധകമാണോ ;

(ബി) ഈ നിയമ വ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന സംഘം/ അപ്പക്സ് സംഘം എന്നിവകൾക്ക് എതിരായി ഏത് വ്യവസ്ഥയനുസരിച്ച് നടപടികൾ എടുക്കുവാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ;

(സി) 1999-ലെ കേരള സഹകരണ സംഘം ഭേദഗതി ബില്ലിൽ പറയുന്ന വ്യവസ്ഥകൾ സംസ്ഥാനത്തെ എല്ലാ അപ്പക്സ് സംഘങ്ങൾക്കും ബാധകമാണോ ?

(ഡി) 1999-ലെ പുതിയ സഹകരണ നിയമം അനുസരിച്ച് അപ്പക്സ് സംഘങ്ങളിൽ അഫിലിയേഷനും രജിസ്ട്രേഷനും സംബന്ധിച്ച് വ്യവസ്ഥ എന്താണ് ; ഈ വ്യവസ്ഥ എല്ലാ സംഘങ്ങൾക്കും ബാധകമാണോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബാധകമാണ്.

(ബി) 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന സംഘം/അപ്പക്സ് എന്നിവയ്ക്ക് മേൽ നിയമത്തിലെ വകുപ്പ് 32,68,69,71 തുടങ്ങിയ വകുപ്പുകളും ബന്ധപ്പെട്ട ചട്ടങ്ങളും പ്രകാരവും പീനൽ കോഡിലെ വ്യവസ്ഥകൾ പ്രകാരവും നടപടി സ്വീകരിക്കാവുന്നതാണ്.

(സി) 1999-ലെ കേരള സഹകരണ ഭേദഗതി നിയമത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ബാധകമാണ്.

(ഡി) 1999-ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിലെ വകുപ്പ് 8എ പ്രകാരം അപ്പക്സ് സംഘത്തിൽ അഫിലിയേറ്റ് ചെയ്യാനും 7-ാം വകുപ്പ് പ്രകാരം സഹകരണ സംഘം രജിസ്ട്രേഷനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾ സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങൾക്കും ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly